**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 589** **02-12-2014 ലെ മറുപടിയ്ക്ക്**

**പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. കെ.കെ. ലതിക** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി നിരക്കിൽ ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് വരുത്തിയ മാറ്റം എന്തായിരുന്നു; അത് വഴി നടപ്പുവർഷം പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടി രൂപയാണ്; തന്നാണ്ടിന്റെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ ലഭിച്ച വരുമാനം എത്ര ? | 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം പേപ്പർ ലോട്ടറി നറുക്കെടുപ്പിന്മേലുള്ള നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രതിവാര ഭാഗ്യക്കുറികളുടെ നികുതി തുക 30 ലക്ഷത്തിൽനിന്നും 50 ലക്ഷമായും ബമ്പർ ലോട്ടറികളുടേത് 60 ലക്ഷത്തിൽനിന്നും 1 കോടി രൂപയായും 2014 ഏപ്രിൽമുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി 2014-2015 സാമ്പത്തിക വർഷത്തിൽ 74,20,00,000/- രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ 37,40,00,000/- രൂപ അധിക വരുമാനമായി സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ